കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

വിജ്ഞാപനം

303/R1/2025/KDRB

തിരുവനന്തപുരം
01.09.2025

വിജ്ഞാപന തീയതി
01.09.2025

അവസാന തീയതി
30.09.2025

കൊച്ചിൻ ദേവസ്വം ബോർഡിൽ എൽ.ഡി.ക്ലർക്ക്/ജൂനിയർ ദേവസ്വം ഓഫീസർ/ദേവസ്വം അസിസ്റ്റന്റ് തസ്തികയിൽ നിലിവിലുള്ള എട്ട്(8) ഒഴിവിലേയ്ക്ക് തസ്തികമാറ്റം വഴി കൊച്ചിൻ ദേവസ്വം ബോർഡിലെ താഴ്ന്ന ശമ്പളമുള്ള സ്ഥിരം ക്ഷേത്ര ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kdrb.kerala.gov.inലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഇതിനോടകം രജിസ്ട്രേഷൻ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

1	കാറ്റഗറി നമ്പരും വർഷവും	067/2025
2	തസ്തികയുടെ പേര്	**ക്ലർക്ക്/ജൂനിയർ ദേവസ്വം ഓഫീസർ/ദേവസ്വം അസിസ്റ്റന്റ് (ബൈ ട്രാൻസ്ഫർ)**
3	ദേവസ്വം ബോർഡിന്റെ പേര്	**കൊച്ചിൻ ദേവസ്വം ബോർഡ്**
4	ശമ്പള സ്കെയിൽ	**രൂപ 26,500 – 60,700**
5	യോഗ്യതകൾ	**വിദ്യാഭ്യാസ യോഗ്യത :** എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യം
6	ഒഴിവുകളുടെ എണ്ണം	**നിലവിലുള്ള ഒഴിവ് : 8 (എട്ട്)** മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടം 3 ൽ പറഞ്ഞിരിയ്ക്കുന്ന സംവരണ വ്യവസ്ഥ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.
7	നിയമനരീതി	ട്രാൻസ്ഫർ വഴി
8	പ്രായ പരിധി	18 – 56 ഉദ്യോഗാർത്ഥികൾ 01-01-2007 നും 02-01-1969 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

9	പരീക്ഷാഫീസ് തുകയും അടയ്ക്കേണ്ട രീതിയും	രൂപ 500/- എസ് സി: രൂപ 500/- എസ് ടി: രൂപ 500/- ഒബിസി: രൂപ 500/- ജനറൽ – EWS: രൂപ 500/- (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ് പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ്)
10	മറ്റ് വിവരങ്ങൾ	1) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 56 (അൻപത്തിയാറ്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി കൊച്ചിൻ ദേവസ്വം ബോർഡിൽ 26,500 – 60,700 എന്ന ശമ്പള സ്കെയിലിന് താഴെ ശമ്പളം വാങ്ങുന്ന ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ ഗണത്തിൽപ്പെടുന്ന(മാസപ്പടി/വാച്ച്മാൻ കം ഓഫീസ് അറ്റന്റന്റ് /മഹോട്ട് മുതലായ) ക്ഷേത്ര ജീവനക്കാരുടെ ഗണത്തിൽപ്പെടുന്നവർക്കു മാത്രമേ ഈ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളൂ. അപേക്ഷകർ കൊച്ചിൻ ദേവസ്വം ബോർഡിലെ താഴ്ന്ന തസ്തികയിൽ ഫുൾ മെമ്പറോ, അപ്രൂവ്ഡ് പ്രൊബേഷണറോ ആയിരിക്കണം. എംപ്ലോയ്മെന്റ് ദിവസ വേതനത്തിലോ ജോലി ചെയ്യുന്നവർ ഈ തസ്തികയ്ക്ക് അപേക്ഷിയ്ക്കുവാൻ അർഹരല്ല. 2) ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ, മറ്റുള്ള സംവരണാനുകൂല്യങ്ങൾ, എന്നിവയൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല. 3) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന ഒ.എം.ആർ പരീക്ഷയിൽ നാൽപ്പത് ശതമാനമോ അതിനു മുകളിലോ മാർക്ക് ലഭിക്കുന്ന ഉദ്യോഗാർത്ഥികളെ ഒഴിവുകൾക്ക് ആനുപാതികമായി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതും, വിജ്ഞാപനം ചെയ്ത എട്ട് ഒഴിവിലേയ്ക്കും ഈ ലിസ്റ്റ് പ്രാബല്യത്തിലിരിക്കേ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്കും ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ് . 4) നേരിട്ടുള്ള നിയമനത്തിന് അപേക്ഷ സമർപ്പിയ്ക്കുവാൻ യോഗ്യരായിട്ടുള്ളവർക്ക് നേരിട്ടും, തസ്തികമാറ്റം വഴിയും അപേക്ഷിയ്ക്കാവുന്നതാണ്. ഇവർ ഓരോ കാറ്റഗറിയിലേയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. നേരിട്ടും തസ്തികമാറ്റം വഴിയുള്ള രണ്ടു വിഭാഗങ്ങളിലേയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും ഏതെങ്കിലും ഒരു വിഭാഗത്തിലെ റാങ്ക് ലിസ്റ്റിൽ നിന്നും ആദ്യം നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുകയുമാണെങ്കിൽ അവരെ മറ്റേ വിഭാഗത്തിലെ റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്. 5) തസ്തികമാറ്റം വഴി അപേക്ഷ സമർപ്പിക്കുന്ന ജീവനക്കാർ അവർ ജോലി ചെയ്യുന്ന തസ്തിക, പ്രൊബേഷൻ പൂർത്തിയാക്കിയ തീയതി തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കുന്ന ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് ഡെപ്യൂട്ടി കമ്മീഷണറിൽ കുറയാത്ത റാങ്കുള്ള ഓഫീസ് മേധാവിയിൽ നിന്നും വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.
11	അപേക്ഷ അയയ്ക്കേണ്ട വിധം	ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kdrb.kerala.gov.in വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ് സൈറ്റിന്റെ ഹോം പേജിലുള്ള "Apply Online" എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിയ്ക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്.

		അപേക്ഷിക്കുന്നതിനു മുമ്പ് തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. റിക്രൂട്ട്മെന്റ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർ ഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഈ തസ്തികയിലേയ്ക്ക് റിക്രൂട്ട്മെന്റ് ബോർഡിന് മുമ്പാകെ വിജയകരമായി സമർപ്പിക്കുന്ന അപേക്ഷകൾ താല്ക്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുന്നതിനോ, അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് ഘട്ടത്തിലായാലും,സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. പരീക്ഷാഫീസ് തുക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി. ആയോ മണിഓർഡറായോ ചെല്ലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ ഫീസ് അടയ്ക്കുവാൻ പാടില്ല. ഒരിക്കൽ അടച്ച ഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.
12	അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി	30.09.2025 അർദ്ധരാത്രി 12 മണി വരെ
13	അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം	www.kdrb.kerala.gov.in

ഫോട്ടോ, ഐ.ഡി.കാർഡ് , ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട്–II ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക.

വയസ്സിളവ്,സംവരണം തുടങ്ങിയ മറ്റ് ആനുകൂല്യങ്ങൾ ഒന്നും തന്നെ തസ്തികമാറ്റം വഴിയുള്ള ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്